# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2771 09.05.2017-ൽ മറുപടിക്ക്

**<u>ഇറമുഖങ്ങളിൽ നിന്നുള്ള മണൽ വില്പന</u>**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി.ഡി.സതീശൻ<br>,, അനിൽ അക്കര<br>,, എ.പി. അനിൽ കുമാർ<br>,, ഹൈബി ഈഡൻ** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി)** |
| (എ) | കൊടുങ്ങല്ലൂർ, ബേപ്പൂർ, വടകര, തലശ്ശേരി, അഴീക്കൽ, കാസർഗോഡ്, നീലേശ്വരം, മഞ്ചേശ്വരം എന്നീ തുറമുഖങ്ങളിൽ നിന്നും ശേഖരിക്കുന്ന മണൽ വിറ്റഴിക്കുന്നതിനായി എന്തെങ്കിലും പുതിയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് തുറമുഖ വകുപ്പിന്റെ കീഴിലുള്ള തുറമുഖങ്ങളിൽ നിന്നും ശേഖരിക്കുന്ന മണലിന്റെ വിപണന രീതിയും അടിസ്ഥാനവിലയും നിശ്ചയിച്ച് സ.ഉ.(കൈ) നം.10/2017/മ.തു.വ ആയി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് മണൽ വില്പന പൂർണ്ണമായും തുറമുഖ വകുപ്പിന്റെ വെബ്സൈറ്റിലൂടെയാണ് നടത്തുന്നത്. |
| (ബി) | സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ ഈ തുറമുഖങ്ങളിൽ നടന്നുവന്ന മണൽ ഖനന-വിപണന പ്രവൃത്തികളിൽ വ്യാപകമായ അഴിമതി നടന്നതായ പരാതി തുറമുഖ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; | (ബി) | സഹകരണ സംഘങ്ങൾ മുഖാന്തിരം നടത്തിയിരുന്ന മാന്വൽ ഡ്രഡ്ജിംഗ് പ്രവൃത്തിയെ സംബന്ധിച്ച് പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇങ്ങനെ ലഭിച്ച പരാതികൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ മണൽ വില്പന ഏല്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് വിലക്കാണ് തുറമുഖപ്രദേശത്തെ മണൽ വിൽക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ? | (സി) | ഇല്ല. മണൽ വില്പന പൂർണ്ണമായും തുറമുഖ വകുപ്പിന്റെ നിയന്ത്രണത്തിലാണ് നടത്തുന്നത്. വില്പന വില നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

**കേരള സർക്കാർ**

<u>സംഗ്രഹം</u>

മത്സ്യബന്ധന തുറമുഖ വകുപ്പ് - സംസ്ഥാനത്തെ തുറമുഖ വകുപ്പിന്റെ കീഴിലുള്ള തുറമുഖങ്ങളിൽ മാന്വൽ ഡ്രഡ്ജിംഗ് നടത്തി ലഭിക്കുന്ന മണലിന്റെ വിപണനരീതിയും അടിസ്ഥാന വിലയും നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഡി) വകുപ്പ്**

സ.ഉ. (കൈ) നം. 10/2017/മ.തു.വ. തീയതി, തിരുവനന്തപുരം, 28/04/2017.

---

പരാമർശം:- 1. സ.ഉ (എം.എസ്) നം. 26/2016/മതുവ. തീയതി 17.8.2016
2. സ.ഉ. (എം.എസ്) നം. 29/2016/മതുവ തീയതി 08/09/2016
3. സ.ഉ. (എം.എസ്) നം. 34/2016/മതുവ തീയതി 23/12/2016
4. സ.ഉ. (എം.എസ്) നം. 2/2017/മതുവ തീയതി 09/02/2017
5. തുറമുഖഡയറക്ടറുടെ 22/04/2017 ലെ സി3-3485/2016/ഡിപി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ തുറമുഖ വകുപ്പിന്റെ കീഴിലുള്ള തുറമുഖങ്ങളിൽ മാന്വൽ ഡ്രഡ്ജിംഗ് നടത്തുന്നത് സംബന്ധിച്ച് പൊതുനയം രൂപീകരിക്കുന്നതിന്റെ ഭാഗമായി പൊന്നാനി തുറമുഖത്ത് മാന്വൽ ഡ്രഡ്ജിംഗ് സംബന്ധിച്ച് പരാമർശം (1), (2), (3) ഉത്തരവുകൾ പ്രകാരം നടപ്പിലാക്കിയ നയം മാതൃകയായെടുത്ത് മാന്വൽ ഡ്രഡ്ജിംഗ് സംബന്ധിച്ച് എല്ലാ തുറമുഖങ്ങൾക്കും ബാധകമായ പൊതുനയം അംഗീകരിച്ച് പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓരോ പോർട്ടിലേയും മണലിന്റെ അടിസ്ഥാന വില നിശ്ചയിച്ച് ഉത്തരവാകണമെന്ന് പരാമർശം 5 പ്രകാരം തുറമുഖ ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2) തുറമുഖ വകുപ്പ് ഡയറക്ടറുടെ ശുപാർശ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിവിധ തുറമുഖങ്ങളിലെ മണലിന്റെ അടിസ്ഥാന വില്പന വില ചുവടെ പട്ടികയിൽ ചേർത്തിട്ടുള്ള പ്രകാരം നിശ്ചയിച്ച് ഉത്തരവാകുന്നു. (പട്ടികയിലെ 3-ാം കോളത്തിൽ ചേർത്തിട്ടുള്ള പുതിയ അടിസ്ഥാന വില പട്ടികയിലെ കോളം 4, 5, 6, 7 ലെ ഘടകങ്ങൾ ഉൾപ്പെട്ട വിലയാണ്)

| പോർട്ട് | നിലവിലെ വില്പനവില രൂപ/ടൺ | പുതിയ അടിസ്ഥാന വില രൂപ/ടൺ | തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ വിഹിതം (രൂപ) | സർക്കാർ വിഹിതം (രൂപ) | ജിയോളജി വകുപ്പിന്റെ വിഹിതം (രൂപ) | തൊഴിലാളികളുടെ കൂലി രൂപ/ടൺ |
|---|---|---|---|---|---|---|
| കാസർഗോഡ് | 1353 | 1200 | 100 | 495 | 40 | 565 |
| അഴീക്കൽ | 1488 | 1350 | 100 | 645 | 40 | 565 |
| തലശ്ശേരി | 1000 | 950 | 100 | 245 | 40 | 565 |
| വടകര | 1583 | 1450 | 100 | 745 | 40 | 565 |
| ബേപ്പൂർ | 1377 | 1250 | 100 | 545 | 40 | 565 |
| കൊടുങ്ങല്ലൂർ | 817 | 820 | 100 | 115 | 40 | 565 |

(KVAT ബാധകമാണ്.)

3) അടിസ്ഥാന വിലയോടൊപ്പം ഓരോ പോർട്ടിലും മണൽ ശുചീകരണത്തിന്റെ ചെലവു കൂടി ചേർത്ത് മണലിന്റെ വില്പന വില നിശ്ചയിക്കേണ്ടതും മണൽ വില്പന പൂർണ്ണമായും തുറമുഖ വകുപ്പിന്റെ വെബ്സൈറ്റിലൂടെ നടത്തേണ്ടതുമാണ് എന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ.എസ്. ശോഭന,
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, തുറമുഖ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ (കാസർഗോഡ് /കണ്ണൂർ/കോഴിക്കോട്/എറണാകുളം/തൃശ്ശൂർ)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
തദ്ദേശസ്വയം ഭരണ വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ